# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2207** **06.02.2019 -ൽ മറുപടിക്ക്.**

## അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, വി. അബ്ദുറഹിമാൻ**<br>**,, ഡി.കെ. മുരളി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(എ) ഉണ്ട്. 25.12.2000ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന(എ.എ.വൈ.) പദ്ധതി ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലും നിലനിർത്തി നടപ്പിലാക്കി വരുന്നുണ്ട്. ഗുണഭോക്താക്കൾക്ക് 35 കി.ഗ്രാം ഭക്ഷ്യ ധാന്യം പ്രതിമാസം സൗജന്യനിരക്കിൽ നൽകി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെ യാണെന്നും പദ്ധതി പ്രകാരം കേന്ദ്രസർക്കാർ നടപ്പ സാമ്പത്തിക വർഷം എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) മുൻഗണനാ വിഭാഗത്തെ തിരഞ്ഞെടുക്കുന്നതിനുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിലുൾപ്പെടാത്ത, ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ, പട്ടികവർഗ്ഗ വിഭാഗം, കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും തളർന്ന് ശയ്യാവലംബരായവരും, നിർദ്ധനയും നിരാലംബ യുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രസ്തുത പദ്ധതി പ്രകാരം നടപ്പ സാമ്പത്തിക വർഷം 213089.88 മെ.ടൺ അരിയും 37145.7മെ.ടൺ ഗോതമ്പുമുൾപ്പടെ ആകെ 250235.58 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | കേന്ദ്രസർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മാത്രമേ ഈ പദ്ധതി വിപുലീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കുടിശ്ശിക ആയി എത്ര തുകയാണ് കൊടുത്തു തീർക്കുവാൻ ഉണ്ടായിരുന്നതെന്നും ഇത് കൊടുത്ത് തീർക്കുവാൻ നിലവിലെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ? | (ഡി) | 2015-16 സാമ്പത്തിക വർഷത്തിൽ, എ.എ.വൈ. കമ്മീഷൻ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 16 കോടി രൂപ നിലവിലെ സർക്കാർ അധികാരമേറ്റതിനു ശേഷം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**